# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4687 — 18/12/2014 ൽ മറുപടിക്ക്

## ഉച്ചക്കഞ്ഞി വിതരണം

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

(എ) ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനേജ്മെന്റ് ഫണ്ട് (MME) ഇനത്തിൽ എത്ര തുക നീക്കിവെച്ചുവെന്നും ഓരോ അധ്യായന വർഷവും എത്ര തുക വിനിയോഗിച്ചുവെന്നും അതിന്റെ ശതമാനവും വെളിപ്പെടുത്തുമോ ;

(ബി) ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉച്ചഭക്ഷണ പദ്ധതിയുടെ മാനേജ്മെന്റ് ഫണ്ട് (MME) തുക അനുവദിച്ചിട്ടില്ല. 2006-07, 2007-08, 2009-10 വർഷത്തിൽ ആകെ 354.44 ലക്ഷം രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്. ചെലവു വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വർഷാരംഭത്തിൽ നീക്കിയിരുപ്പ് (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|
| 2011–12 | 207.67 | 15.93 | 7.67% |
| 2012–13 | 191.74 | 25.72 | 13.41% |
| 2013–14 | 166.02 | 48.46 | 29.19% |
| 2014–15 (30.09.2014 വരെ) | 117.56 | 20.51 | 17.44% |

(ബി) & (സി) നൂൺ മീൽ ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ